പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3292

18/02/2013 ൽ
മറുപടിക്ക്

## കേരള സാഹിത്യ അക്കാദമി ഭരണസമിതിയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. എ. ബേബി<br>,, ബാബു എം. പാലിശ്ശേരി<br>,, പുരുഷൻ കടലുണ്ടി<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) | |
| (എ) | കേരള സാഹിത്യ അക്കാദമി ഭരണ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനം മികച്ച രീതിയിൽ മുന്നോട്ട് പോകുന്നുണ്ട്. ബജറ്റിൽ വകയിരുത്തിയ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടക്കുന്നുണ്ട്. അതിനുപുറമേ പ്രത്യേക പദ്ധതി എന്ന നിലയിൽ 'വിശ്വമലയാള മഹോത്സവം' സംഘടിപ്പിക്കുന്നതിന് മുൻകൈ എടുത്തു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഭരണസമിതിയിൽ പുന:സംഘടന ആവശ്യമായി വന്നതിന്റെ കാരണങ്ങൾ അറിയിക്കുമോ; എത്ര തവണ ഭരണസമിതി പുന:സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടെന്നറിയിക്കുമോ; | (ബി) | വിശ്വമലയാള മഹോത്സവത്തിനെതിരെ പരസ്യമായി നിലപാടുകൾ കൈക്കൊണ്ട് സാംസ്കാരിക വകുപ്പിനേയും കേരള സാഹിത്യ അക്കാദമിയേയും അപകീർത്തിപ്പെടുത്തുന്ന രീതിയിൽ അക്കാദമിയിലെ സർക്കാർ നോമിനികളായ ചില അംഗങ്ങൾ പ്രവർത്തിച്ചതായി ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ് വീണ്ടും പുന:സംഘടന ആവശ്യമായി വന്നത്. ഇത്തരത്തിൽ ഭരണസമിതി രണ്ടുതവണ പുന:സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | അക്കാദമി ഭരണ സമിതിയിൽ അംഗങ്ങളായിരുന്നവർ വിശ്വമലയാള മഹോത്സവുമായി ബന്ധപ്പെട്ട് നടന്ന അഴിമതികളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലപാട് വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യക്തമായ ഒരു പരാതിയും ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ വിജിലൻസ് അന്വേഷണം നടത്തുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) | കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ ? | (ഡി) | ഉണ്ട്. അക്കാദമിയുടെ പ്രവർത്തന പദ്ധതികൾ വിഭാവനം ചെയ്ത പരിപാടികൾ എല്ലാം മികച്ച രീതിയിൽ മുന്നോട്ട് പോകുന്നു. ഫെബ്രുവരി 23 മുതൽ മാർച്ച് 4 വരെ അക്കാദമി അങ്കണത്തിൽ ദേശീയ പുസ്തകോത്സവവും സാംസ്കാരികോത്സവവും നടക്കുന്നുണ്ട്. എസ്.കെ. പൊറ്റക്കാടിന്റെ ജന്മശതാബ്ദി ആഘോഷങ്ങൾ സംഘടിപ്പിക്കാനുള്ള തയ്യാറെടുപ്പും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ